
ഡോക്ടർ ജോയ് ടി.കുഞ്ഞാപ്പുവിൻെറ കവിതകളുടെ നിരൂപണം – തുടരുന്നു.(5)

# എട്ടുകാലിക്കൊരു ശ്രദ്ധാഞ്ജലി

*(ഡോക്ടർ ജോയ് ടി. കുഞ്ഞാപ്പുവിൻെറ "A Sojourner's Rhapsodies In Alphabetical Order" എന്ന ഇംഗ്ലീഷ് കവിതാ സമാഹാരത്തിലെ " Homage to a Spider " എന്ന കവിതയെക്കുറിച്ചുള്ള നിരൂപണം)*

**സുധീർ പണിക്കവീട്ടിൽ**




ഒരു എട്ടുകാലിയെപ്പറ്റി എന്തെഴുതാൻ എന്ന് ഒരു സാധാരണക്കാരനു തോന്നാം. പക്ഷെ കവികൾക്ക് ചിലത് പറയാനുണ്ട്. കവി ശാസ്ത്രജ്ഞനും കൂടിയാകുമ്പോൾ വിവരണം അറിവിൻെറ ലോകത്തേക്ക് നമ്മളെ കൊണ്ട്പോകുന്നു. ഈ ജീവി അതിനു ആവശ്യമായ പ്രോട്ടിൻ സ്വയം ഉൽപാദിപ്പിക്കുന്നുവെന്ന് കവിതയിൽ നിന്നും നമ്മൾ മനസ്സിലാക്കുന്നു. എട്ടു കാലുകൾ ഉള്ള ഈ വ്രുത്തികെട്ട ജീവിയെ കവി വിശേഷിപ്പിക്കുന്നത്, സ്വയം പര്യാപ്തതയുടെ മറ്റൊരു പേരു് എന്നാണു. സ്വയം തൊഴിൽ കണ്ടെത്തിയ ഉദ്യോഗസ്ഥൻ (to weave the net of self-employed professional….and as a synonym of self-sufficiency) എന്നാണു. കൂടാതെ നൂതനവും അനന്തവുമായ ആദർശങ്ങളുടെ പ്രതീകവും. സ്ഥിരോത്സാഹത്തിലൂടെ വിജയം പ്രാപിക്കുന്ന വിദ്യ റോബർട്ട് ബ്രൂസ് എന്ന രാജവിനെ പഠിപ്പിച്ചത് അല്ലെങ്കിൽ രാജാവിനു പ്രചോദനം നൽകിയത് ഈ അറയ്ക്കുന്ന ജീവിയാണെന്ന് കവി നമ്മെ ഓർമ്മിപ്പിക്കുന്നു.

അവസരങ്ങൾ ഉള്ളപ്പോൾ, ജയിക്കുമെന്ന ആശക്ക് വഴിയുള്ളപ്പോൾ അത് എത്ര ചെറുതായാലും പരിശ്രമം വിടരുതെന്ന് ഈ ജീവി തൻെറ പ്രവർത്തിയിലൂടെ രാജാവിനു കാണിച്ച്കൊടുത്തു. (you volunteered help to a great king, in the depth of despair in a remote cave)യുദ്ധത്തിൽ തോറ്റ് ക്ഷീണിതനായി ഒറ്റക്ക് ഒരു ജീർണ്ണിച്ച കുടിലിൽ കഴിയേണ്ടി വന്ന രാജാവിൻെറ മുന്നിൽ ഒരു ചിലന്തി അതിൻെറ വല കെട്ടുകയായിരുന്നു. ഒരു തൂണിൽ നിന്നും മറ്റെ തൂണിലേക്ക് തൻെറ വല വലിച്ച്കെട്ടാൻ ശ്രമിച്ച് ആറു് തവണ അത് പരാജയ്പ്പെട്ടു. ഇനിയും അത് ശ്രമിക്കയില്ലെന്ന് ധരിച്ച രാജാവിനെ വിസ്മയപ്പെടുത്തികൊണ്ട് ഏഴാം തവണ അത് വിജയം വരിച്ചു. രാജാവ് വീണ്ടുകിട്ടിയ വീര്യത്തോടെ എഴുന്നേറ്റ് തൻെറ നാട്ടിൽ ചെന്ന് തുടർച്ചയായി എട്ടു വർഷം യുദ്ധം ചെയ്ത് വിജയശ്രീലാളിതനായി.

ഒരു വസന്തകാല പ്രഭാതത്തിൽ എങ്ങനെ സ്വയം പര്യാപ്തത നേടും അല്ലെങ്കിൽ തന്നെ തന്നെ എങ്ങനെ ജയിക്കാമെന്ന ആവർത്തിത സ്വപ്നത്തിൽ കവി മുഴുകിയിരിക്കയായിരുന്നു. റോബർട്ട് ബ്രൂസിനെപോലെ, ഇരുട്ടിൽ തപ്പുന്ന ഭാഗ്യാന്വേഷകനെപോലെ. അപ്പോഴാണു് കശാപ്പ് ശാലയിൽ നിന്നും കേൾക്കുന്ന ജന്തുക്കളുടെ ദീനരോദനം. അത് ദുഃഖദായകമായ ഒരു ശോകഗീതത്തിൻെറ തുലാസ്സുകൾ ഉയർത്തുന്നു എന്ന് കവി പറയുമ്പോൾ സിബി രാജാവിൻേറയും പ്രാവിൻേറയും കഥ നമുക്ക് ഓർമ്മവരുന്നു. സ്വന്തം ശരീരത്തിൻെറ മുക്കാൽ ഭാഗവും മുറിച്ച് വച്ചിട്ടും പ്രാവിരിക്കുന്ന തുലാസ്സിൻെറ തട്ട് താഴ്ന്നിരുന്ന ഒരു പരീക്ഷണത്തിൻെറ കഥ. ജന്തുക്കളുടെ

ദീനരോദനം കേട്ട് സിബി രാജവിനെ പോലെ കവിയുടെ മനസ്സും അലിയുന്നു. (raises the scales of a grievous elegy, seeking the origin and roots of dove's sighs)

പിന്നെ കവിയുടെ മനസ്സ് പുറകോട്ട് സഞ്ചരിക്കുന്നു. സ്പർശിക്കപ്പെടുമ്പോൾ പിന്നോക്കം നടക്കുന്ന എട്ടുകാലിയെപോലെ. വിദ്യാലയത്തിലെ ജന്തു വിജ്ഞാന ക്ലാസ്സ്മുറിയിൽ കവിയും ശ്രദ്ധാപൂർവ്വം പഠനം നടത്തി. എന്നാൽ യൗവ്വനാരംഭകാലഘട്ടത്തിൽ ഏകാഗ്രതയെക്കാൾ മനസ്സ് പ്രദർശനങ്ങളിൽ വ്യാമോഹിക്കപ്പെടുന്നതായി കവിക്ക് അനുഭവപ്പെട്ടത്രെ. വളരെ പ്രയാസപ്പെട്ട് ചിലന്തികൾ നെയ്യുന്ന വലകൾ ഒരു നിമിഷം കൊണ്ട് മനുഷ്യർ അവൻെറ ശുചിത്വബോധം കൊണ്ട് നശിപ്പിച്ച് കളയുന്നു. ദീർഘമായ അനവധി സമയത്തിലൂടെ ഒരു എട്ടുകാലി തൻെറ ഇരകളെ വീഴ്ത്താൻ നെയ്യുന്ന വല ഒരു നിമിഷാർദ്ധം കൊണ്ട് ആരോ അപ്രത്യക്ഷമാക്കുന്നു. അതും പ്രതീക്ഷിക്കാത്ത ഒരു നിമിഷത്തിൽ. കവിതയുടെ അവസാനത്തിൽ പറയുന്ന വരികളിൽ നിന്നും കവിക്ക് ഈ അനുഭവങ്ങൾ പിന്നീട് സഹായകമായി എന്നു കാണം.

രണ്ട് ഉദാഹരണങ്ങൾ ഈ കവിതയിൽ നമ്മൾ കണ്ടെത്തുന്നു. ഒന്ന് നമ്മെ പോലെ ജന്തുക്കളെ സ്നേഹിക്കുക; അവയുടെ ജീവനും വിലയുണ്ടെന്ന് മനസ്സിലാക്കുക. മറ്റൊന്ന് എല്ലാ ജീവികളിലും ഇര തേടാനുള്ള കൗശലവും രീതിയും വ്യത്യസ്ഥമാണു. ചിലത് മനുഷ്യരായ നമുക്ക് മാർഗ്ഗദർശകങ്ങളാകാം. മനുഷ്യരെ അലട്ടുന്ന പ്രശ്നം അവൻെറ നേട്ടങ്ങളെക്കുറിച്ചാണു. നേട്ടങ്ങൾക്കിടയിൽ വരുന്ന കോട്ടങ്ങൾ അവനെ ക്ലേശിപ്പിക്കുന്നു, നിരാശനാക്കുന്നു. പകൽ സ്വപ്നങ്ങളിൽ കണ്ട ചിത്രാക്രുതിയുള്ള മനോഹരമയ രൂപ കൽപ്പനകൾ ഒരു കുമിള പോലെ പൊട്ടിപോകുന്നു. പക്ഷെ നിരാശപ്പെടരുത്. കാരണം പരിശ്രമിക്കാനുള്ള വിമുഖതയാണു നിരാശയും നഷ്ടബോധവും കൊണ്ട് വരുന്നത്.

ഇന്ന് ലോകം മുഴുവൻ തൻെറ വിരൽ തുമ്പിലൂടെ ചലിപ്പിച്ച് തൻെറ മുന്നിലിരിക്കുന്ന "വല" (Web) കവി നെയ്യുമ്പോൾ എട്ടുകാലിയെ കുറിച്ച് ഓർക്കുന്നു. കവിക്കറിയാം ഈ വലയിൽ ഇരകൾ വീഴുന്നപോലെ തന്നെ വല പൊട്ടിക്കാൻ പ്രാപ്തിയുള്ളവർ ഉണ്ടെന്ന്. (and wanders in the world-wide webs, your image blooms in the creative gland, spinning soft noble thoughts) പക്ഷെ കവി തൻെറ കർമ്മവീഥികൾ നിശ്ചയദാർഢ്യത്തോടെ, നിതാന്ത പരിശ്രമങ്ങളിലൂടെ താണ്ടികൊണ്ട് വിജയം നേടാൻ ശ്രമിച്ച്കൊണ്ടിരിക്കുന്നു. ആ വല നെയ്യുമ്പോൾ അല്ലെങ്കിൽ ചിന്തകളെ ഒരു ചൂണ്ടയാക്കുമ്പോൾ എട്ടുകാലിയുടെ രൂപം തെളിയുന്നു.. കവിയുടെ ക്രിയാത്മ ചിന്തകളും നൂൽ നൂൽക്കുന്നു. നല്ല കവിത. അനുയോജ്യ പദങ്ങൾ അനായേസേനെ ഉപയോഗിക്കാനുള്ള കവിയുടെ കഴിവ് പ്രശംസനീയം തന്നെ. ഉപയോഗിക്കുന്ന വാക്കുകളുടെ നാനാർഥങ്ങൾ ദ്യോതിപ്പിക്കുന്ന അർഥ വിപുലതയിൽ വായനക്കാരൻ വിസ്മയാധീനനാകും. ഈ സവിശേഷത ഡോക്ടർ കുഞ്ഞാപ്പുവിൻെറ എല്ലാ കവിതകളിലും കാണാവുന്നതാണു്..

ഡോക്ടർ കുഞ്ഞാപ്പുവിൻെറ കവിതകളെ കുറിച്ച് ഇ-മെയിൽ വഴി ചർച്ചക്ക് താൽപ്പര്യമുള്ളവർ അദ്ദേഹത്തിൻെറ ഫോൺ നമ്പർ മുഖേനയോ, ഇ-മെയിൽ വഴിയോ ബന്ധപ്പെടുക. ( ഫോൺ **917–710–6049 email [jkunjappu@gmail.com]**

**ശുഭം**

**ഡോക്ടർ ജോയ് ടി കുഞ്ഞാപ്പുവിൻെറ മറ്റ് കവിതകളെകുറിച്ചുള്ള നിരൂപണങ്ങൾക്ക് താഴെ കാണുന്ന ലിങ്കുകൾ സന്ദർശിക്കുക.**

http://www.emalayalee.com/varthaFull.php?newsId=42129

http://www.emalayalee.com/varthaFull.php?newsId=43072